<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പത്തൊൻപതാം സമ്മേളനം**</u>

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **7** | **02.03.2020-ൽ** മറുപടിക്ക് |

# കേരള പുനർനിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, റോജി എം. ജോൺ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) & (ബി) | പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ പദ്ധതി ലക്ഷ്യമിടുന്നത്. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതും വേഗം നിർവഹണ ഘട്ടത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് |
| (ബി) | ഇക്കാര്യത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിൽ ഇതിനകം പ്രാവർത്തികമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കേരള ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ നേതൃത്വത്തിൽ തയാറാക്കിയ, പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സമർപ്പിച്ച 1865 കോടിയുടെ പുനർനിർമാണ പദ്ധതികൾക്ക് സർക്കാർ ഇതിനകം തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നടപടിക്രമങ്ങളാണ് ഇതിനകം ലഘൂകരിച്ചതെന്ന് അറിയിക്കുമോ; | (സി) | കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. കേരള പുനർനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റിയുടെ ശുപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശുപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റിവ് ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാ മാസവും ഉന്നതാധികാര സമിതി ചേരുന്നതിനാൽ കാലവിളംബം കൂടാതെ പുനർനിർമാണ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്നതിനു സാധിക്കുന്നു. പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നല്കിയിട്ടുള്ളതും, ഉന്നതാധികാര സമിതിയുടെ പരിശോധനക്ക് വിധേയമായിട്ടുള്ളതുമായ വിവിധ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളിൽ, സാങ്കേതിക അനുമതി ആവശ്യമില്ലാത്തതോ 10 കോടി രൂപയിൽ താഴെ മാത്രം ചെലവ് വരുന്നതോ ആയ പദ്ധതി നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് അതാത് വകുപ്പിന്റെ സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.<br>ആർകെഐ-യിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തത്വത്തിൽ അംഗീകാരം ലഭിക്കുമ്പോൾ തന്നെ വകുപ്പുകൾക്ക് ടെൻഡർ നടപടിയുമായി മുന്നോട്ടു പോകുന്നതിനും ഉന്നതാധികാരസമിതിയുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്ന അന്തിമ ഭരണാനുമതിക്കു വിധേയമായി ടെൻഡർ ഉറപ്പിക്കുന്നതിനും കഴിയുംവിധം ആർകെഐ-യുടെ പ്രവർത്തന മാർഗനിർദ്ദേശങ്ങളി (Operational Guidelines)-ൽ ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | 2018 ലെ പ്രളയത്തിന് ശേഷം ഇരുപത് മാസം കഴിഞ്ഞിട്ടും സംസ്ഥാനത്ത് കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും തുടങ്ങിയ | (ഡി) | 2018-ലെ പ്രളയത്തിന് ശേഷം ഇരുപത് മാസം കഴിഞ്ഞിട്ടും സംസ്ഥാനത്ത് കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും തുടങ്ങിയ ഇടത്ത് തന്നെയാണെന്ന ആക്ഷേപം വസ്തുതാപരമല്ല.<br>അതിജീവനക്ഷമതയുള്ള, പരിസ്ഥിതി |

| | | | |
|---|---|---|---|
| | ഇടത്ത് തന്നെയാണെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് പരിശോധിക്കുമോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ ചലനാത്മകമാക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സൗഹൃദമായതരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)ന് രൂപം നൽകിയത്. ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. രാജ്യാന്തര തലത്തിലുള്ള വികസന പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ വികസന പങ്കാളി സംഗമം 2019 ജൂലൈയിൽ നടത്തി.<br>വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോകബാങ്കിൽനിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. വികസന നയവായ്പയുടെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിനുള്ള നടപടികളും ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.<br>കേരള പുനർനിർമാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും സമാഹരിക്കുന്നതിനായി **നമ്മൾ നമുക്കായി** എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു. പഞ്ചായത്ത്തലത്തിൽ ദുരന്തനിവാരണ പ്ലാൻ ഇതിന്റെ ഭാഗമായി തയാറാക്കുന്നുണ്ട്.<br>കേരള പുനർനിർമാണ പരിപാടിയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ തയാറാക്കുന്ന പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാരസമിതി എന്നിവ പരിഗണിച്ച് അംഗീകാരം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നുണ്ട്. 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി അധ്യക്ഷനായ ആർ.കെ.ഐ. ഉപദേശകസമിതിയുടെ പതിവു യോഗങ്ങൾക്കു പുറമേ മുഖ്യമന്ത്രി പ്രത്യേക വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ സെക്രട്ടറിതല യോഗം ചേരുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |

**True Copy Signed (Section Officer)**